(ബി) ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടങ്ങൾ പണിത് നൽകുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ചില അംഗൻവാടികളുടെ അടിസ്ഥാന സൗകര്യം അപര്യാപ്തമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരിഗണിക്കാവുന്നതാണ്.

വികലാംഗരുടെ ക്ഷേമ പ്രവർത്തനങ്ങൾ

15 [1313] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
,, വി. കെ. സി. മമ്മത്കോയ:
,, ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വികലാംഗരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വികലാംഗരായ താൽക്കാലിക ജീവനക്കാരെ സർവ്വീസിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വകുപ്പുകളിൽ എത്ര പേരെ വീതം സ്ഥിരപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാന സർക്കാർ സർവ്വീസിൽ എത്ര വികലാംഗരായ ജീവനക്കാരുണ്ടെന്ന് തസ്തിക തിരിച്ച്, ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കാമോ?

ഉത്തരം

(എ) വൈകല്യം തടയുന്നതിനും കാലേകൂട്ടി കണ്ടുപിടിക്കുന്നതിനും, പുനരധിവാസത്തിനും ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയിലൂടെ സഹായ ഉപകരണങ്ങൾ രൂപ കൽപ്പന ചെയ്യുന്നതിനുള്ള ഗവേഷണ പദ്ധതിയ്ക്ക് തുടക്കം കുറിച്ചു. അംഗവൈകല്യം തടയുന്നതിനും കാലേകൂട്ടി കണ്ടുപിടിക്കുന്നതിനും, സംസ്ഥാന വ്യാപകമായി ബോധവൽക്കരണ സെമിനാറുകൾ നടത്തിവരുന്നു. വികലാംഗ കമ്മീഷണറേറ്റിന്റെ ആഭിമുഖ്യത്തിൽ എല്ലാ വികലാംഗർക്കും ഐഡന്റിറ്റി കാർഡ് വിതരണം ചെയ്യുന്നു.

വികലാംഗർക്കായി സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന വൊക്കേഷണൽ ട്രെയിനിംഗ് സെന്ററുകളിൽ പുതിയ കമ്പ്യൂട്ടർ കോഴ്സുകൾ ആരംഭിക്കുകയും ബുക്ക് ബയന്റിംഗ് പരിശീലന കോഴ്സ് നിലവാരം ഉയർത്തി പ്രൊഡക്ഷൻ കം ട്രെയിനിംഗ് യൂണിറ്റായി മാറ്റിയിട്ടുമുണ്ട്. സ്വകാര്യ സ്ഥാപനങ്ങളിൽ പരിശീലനം നടത്തുന്ന ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്കുള്ള പ്രതിവർഷ സ്റ്റൈപ്പന്റ് 900 രൂപയാക്കി വർദ്ധിപ്പിച്ചു. വികലാംഗർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റ്

LIBRARY ARCHIVES Kerala Legislative Assembly

വഭിക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കാനായി എല്ലാ ബ്ലോക്കുകളിലും മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചുവരുന്നു. മഞ്ചേരിയിൽ പ്രതീക്ഷാഭവൻ എന്ന പേരിൽ ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കുള്ള സ്ഥാപനം ആരംഭിച്ചു.

(ബി) 15-8-1998 മുതൽ 15-8-1999 വരെയുള്ള കാലയളവിൽ താൽക്കാലിക സർവ്വീസിലുണ്ടായിരുന്നവരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ഇപ്രകാരമുള്ള ഒരു കണക്ക് സർക്കാർ തലത്തിൽ ശേഖരിച്ചിട്ടില്ല. കണക്ക് ശേഖരിച്ച് തരുന്നതാണ്.

ചെറുകിട വ്യവസായങ്ങൾക്ക് ചെലവഴിച്ച തുക

16 [1314] ശ്രീ. കെ. പി. മോഹനൻ:
ഡോ. എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. എ. സി. ഷൺമുഖദാസ്:
,, സി. കെ. നാണു: താഴെക്കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ മൂന്നുവർഷത്തിലെ ബഡ്ജറ്റിൽ കൈത്തറി തുടങ്ങിയ ചെറുകിട വ്യവസായങ്ങൾക്ക് എത്ര കോടി രൂപ അനുവദിച്ചെന്നും അതിൽ എത്ര ചെലവഴിച്ചെന്നും ചെലവഴിക്കാൻ സാധിച്ചില്ലെങ്കിൽ കാരണം എന്താണെന്നും വ്യക്തമാക്കാമോ?

ഉത്തരം

കഴിഞ്ഞ മൂന്നുവർഷത്തിലെ ബഡ്ജറ്റിൽ കൈത്തറി വ്യവസായത്തിന് കേന്ദ്ര-സംസ്ഥാന പദ്ധതികൾ പ്രകാരം അനുവദിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

കൈത്തറി വ്യവസായത്തിന് 2001-2002 വർഷത്തിൽ പദ്ധതി ഇനത്തിൽ 17.504 കോടി രൂപയും പദ്ധതിയേതര ഇനത്തിൽ 222 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 21.2 കോടി രൂപ കൈത്തറി മേഖലയുടെ വികസന പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ വക കൊള്ളിച്ചിരുന്നു. പ്രസ്തുത വർഷം ആകെ 31.74 കോടി രൂപ ചെലവഴിക്കുകയുണ്ടായി. 2002-2003 വർഷത്തിൽ പദ്ധതി ഇനത്തിൽ 10.87 കോടി രൂപയും പദ്ധതിയേതര ഇനത്തിൽ 150 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 12.37 കോടി രൂപ വികസന പ്രവർത്തനങ്ങൾക്കായി നീക്കി വച്ചു. പ്രസ്തുത വർഷം 26.69 കോടി രൂപ ചെലവഴിക്കുകയുണ്ടായി.

2003-2004 വർഷത്തിൽ, പദ്ധതി ഇനത്തിൽ 24.425 കോടി രൂപയും പദ്ധതിയേതര ഇനത്തിൽ 150 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 25.925 കോടി രൂപ വകകൊള്ളിച്ചിരുന്നു. പ്രസ്തുത വർഷം 26.15 കോടി രൂപ ചെലവഴിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly